# ഭരണഭാഷ - മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 26.04.2021

നമ്പർ. EC5/771/21/ഡി.ടി.ഇ

<u>**പരിപത്രം നം.40/2021**</u>

**വിഷയം:-** സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാരുടെ പൊതു സ്ഥലം മാറ്റം - 2021 സംബന്ധിച്ച്.

**സൂചന :-** 1. 25-02-2017 ലെ സ.ഉ. (പി) നം.3/2017/ഉഭപവ.
2. 05-04-2018 ലെ സ.ഉ. (കൈ) നം.10/2018/ ഉ.ഭ.പ.വ.
3. 19-04-2021 ലെ ഈ ഓഫീസിലെ ഇതേ ഫയൽ പരിപത്രം നമ്പർ. 33/2021.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ, വിവിധ തസ്തികകളിലെ ജീവനക്കാരിൽ നിന്നും പരാമർശ സർക്കാർ ഉത്തരവുകൾ പ്രകാരം 2021 ലെ പൊതുസ്ഥലം മാറ്റത്തിന്റെ അപേക്ഷകൾ ഓൺലൈൻ മുഖേന ക്ഷണിക്കുന്നു. സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ തീയതികൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ജീവനക്കാർ സ്ഥലംമാറ്റത്തിനു വേണ്ടി, അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ട തീയതി. | 27.04.2021 മുതൽ 05.05.2021വരെ. |
| 2 | ഓൺലൈൻ മുഖേന ലഭിച്ച അപേക്ഷകൾ, സ്ഥാപനമേധാവികൾ പരിശോധിച്ച്, ശിപാർശ സഹിതം, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി: | 12.05.2021 |
| 3 | അനുകമ്പാർഹമായ കാരണങ്ങളാൽ / മുൻഗണന അർഹിക്കുന്ന ജീവനക്കാരുടെ പൊതുസ്ഥലം മാറ്റ അപേക്ഷകളുടെ ഹാർഡ് കോപ്പി ആവശ്യമായ രേഖകൾ സഹിതം പ്രിൻസിപ്പാളിന്റെ വ്യക്തമായ ശിപാർശയോടെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി: | 20.05.2021 |
| 4 | താത്ക്കാലിക ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി. | 28.05.2021 |
| 5 | താത്ക്കാലിക ലിസ്റ്റിൻ മേൽ പരാതിയുള്ള പക്ഷം ആയത് ഓൺലൈൻ മുഖേന സമർപ്പിക്കേണ്ട അവസാന തീയതി: | 05.06.2021 |
| 6 | താത്ക്കാലിക ലിസ്റ്റിൻമേലുള്ള പരാതിയുടെ ഹാർഡ് കോപ്പി, ആവശ്യമായ രേഖകൾ സഹിതം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി. | 09.06.2021 |
| 7 | അന്തിമ ഉത്തരവ് പ്രസിദ്ധീകരിക്കുന്ന തീയതി : | 14.06.2021 |

Draft #7 of File EC5/771/21/DTE Approved by Director (in-charge) on 26-Apr-2021 02:59 PM - Page 1

Draft #7 of File EC5/771/21/DTE Approved by Director (in-charge) on 26-Apr-2021 02:59 PM - Page 2

സ്ഥലം മാറ്റത്തിന് പ്രത്യേക മുൻഗണന അർഹിക്കുന്ന അപേക്ഷകൾ, ബന്ധപ്പെട്ട രേഖകൾ, അർഹത എന്നിവ പരിശോധിച്ചതിന് ശേഷം മാത്രം സ്ഥാപനമേധാവികൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

ഓരോ ജീവനക്കാരനും പരിധിയില്ലാതെ ഓപ്ഷൻ നൽകാവുന്നതാണെന്നും സ്വന്തം ജില്ല (ഹോം സ്റ്റേഷൻ) എന്നത് ജീവനക്കാരൻ സർവ്വീസിൽ പ്രവേശിക്കുന്ന സമയത്തു നൽകുന്ന സ്ഥിരമായ മേൽവിലാസപ്രകാരമുള്ള ജില്ല ആയിരിക്കുമെന്നും സർവ്വീസിൽ പ്രവേശിച്ച ശേഷം ഹോം സ്റ്റേഷൻ ഒരു പ്രാവശ്യം മാത്രമേ മാറ്റുവാൻ സാധിക്കുയുള്ളൂ എന്നും പരാമർശം (2) പ്രകാരം സർക്കാർ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ജീവനക്കാർ www.dtekerala.gov.in/elogin** എന്ന വെബ്സൈറ്റ് മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു സ്ഥലമാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ, താത്കാലിക ലിസ്റ്റ്, അന്തിമ ലിസ്റ്റ് എന്നിവ ഓൺലൈൻ മുഖേന തയ്യാറാക്കി www.dtekerala.gov.in വെബ്സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതാണ്.

വിവരങ്ങളുടെ അപ്ഡേഷൻ, സ്ഥലമാറ്റത്തിനുള്ള അപേക്ഷ എന്നിവ ഓൺലൈൻ മുഖേന സമർപ്പിക്കുമ്പോൾ നേരിടുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സ്ഥാപനമേധാവി / ജീവനക്കാർ എന്നിവർ 0471 2561311 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

Sd/-
Dr. Byjubai T.P
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ സ്ഥാപന മേധാവികൾക്കും (www.dtekerala.gov.in മുഖേന).
2. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
3. C.A to DTE, SJD (ECS), SJD (PS),
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് - I & II
6. IT ഡിവിഷനിലെ ഉദ്യോഗസ്ഥർ.
7. ജീവനക്കാര്യം സൂപ്രണ്ട് EA, EB, EC, & ED സെക്ഷൻ.
8. ജീവനക്കാര്യം ക്ലാർക്ക് EA, EB, EC, & ED സെക്ഷൻ.
9. ഓഫീസ് പകർപ്പ്.
10. കരുതൽഫയൽ.

ഉത്തരവിൻ പ്രകാരം
സീനിയർ സൂപ്രണ്ട്